**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2622** **23-02-2026 - ൽ മറുപടിയ്ക്ക്**

**സഹകരണമേഖലയിൽ അടിസ്ഥാന വികസന പദ്ധതികൾക്ക് രൂപം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ ഭരണത്തിൽ സഹകരണമേഖല കൂടുതൽ ജനകീയമായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>സഹകരണമേഖല ജനകീയമാക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർത്തിട്ടുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.<br><br>**1. കെയർ ഹോം**<br><br>2018 ൽ സംസ്ഥാനത്ത് ഉണ്ടായ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ചു നൽകുന്ന പദ്ധതിയായ കെയർ ഹോം പദ്ധതിയിലൂടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2093 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറി.<br><br>2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി കെയർ ഹോം രണ്ടാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ 40 ഗുണഭോക്താക്കൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം 2021 ഡിസംബർ 6 ന് ബഹു. കേരള മുഖ്യമന്ത്രി കൈമാറി. കണ്ണൂർ ജില്ലയിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 2024 നവംബർ 25 -ന് കൈമാറി.<br><br>പാലക്കാട് ജില്ലയിൽ കണ്ണാടി 2 വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെയും മലപ്പുറം ജില്ലയിലും പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി സഹകരണ വകുപ്പ് |

ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന കെയർ ഹോം പദ്ധതി സഹകരണ മേഖല കൂടുതൽ ജനകീയമാക്കുന്നതിന് കാരണമായിട്ടുണ്ട്.

**2. അങ്ങാടി കേരള ആപ്പ്**

കേരളത്തിലെ സഹകരണ വിപണന മേഖലയുടെ രൂപം മാറ്റുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന 'അങ്ങാടി കേരള' ആപ്പ്, Co-op Kerala ബ്രാൻഡിന് കീഴിലുള്ള ഉൽപ്പന്നങ്ങൾക്ക് ഏകീകരിച്ച പ്ലാറ്റ്ഫോം ഒരുക്കുന്നതിലൂടെ ഗുണനിലവാരം, അളവ്, വില തുടങ്ങിയ ഘടകങ്ങളിൽ സമത്വം ഉറപ്പുവരുത്തുകയും വിപണിയിലെ നിലവിലുള്ള അഴിമതികളും അവ്യക്തതയും ലഘൂകരിക്കുകയും ചെയ്യുന്നു.

ഉൽപ്പാദകരുടെയും ഉപഭോക്താക്കളുടെയും ഇടയിൽ നേരിട്ടുള്ള ബന്ധം സ്ഥാപിക്കുന്നതിലൂടെ ഇടനിലക്കാരെ ഒഴിവാക്കാനും, നടത്തിപ്പ് ചെലവുകൾ ഗണ്യമായി കുറയ്ക്കാനും ഈ ആപ്പ് സഹായകരമാകും. നാല് മാസത്തെ സമയബന്ധിതമായ പദ്ധതി പ്രവർത്തനരേഖയോടെയും ഭാവിയിൽ ഡിജിറ്റൽ പേയ്മെന്റ്, ലോജിസ്റ്റിക്സ് സേവനങ്ങൾ തുടങ്ങിയവയുടെ സംയോജനത്തിനുള്ള സാധ്യതകളോടെയും കൂടെ, 'അങ്ങാടി കേരള' ആപ്പ് സഹകരണ മേഖലയിലെ ഡിജിറ്റൽ നവീകരണത്തിനുള്ള പ്രധാന മുന്നേറ്റമായി മാറുന്നു.

**3. കോഓപ്പ് കണക്ട് ആപ്പ്**

വേഗത്തിൽ നഗരവൽക്കരിച്ചുകൊണ്ടിരിക്കുന്ന കേരളത്തിൽ, സഹകരണ മേഖലയിലെ വിവിധ ഹോം സർവീസ് പ്രാഫഷണലുകളുമായി ഉപഭോക്താക്കളെ ബന്ധിപ്പിക്കുന്ന ഒരു ഏകീകൃത പ്ലാറ്റ്ഫോം എന്ന ലക്ഷ്യത്തോടെയാണ് Coop Connect App വികസിപ്പിക്കുന്നത്. ക്ലീനിംഗ്, അപ്ലയൻസ് റിപ്പയർ, പെയിന്റിംഗ്, പെസ്റ്റ് കൺട്രോൾ, സലൂൺ സേവനങ്ങൾ എന്നിവയുൾപ്പെടെയുള്ള വിപുലമായ സഹകരണ പ്രസ്ഥാനങ്ങൾ വഴിയുള്ള സേവനങ്ങൾ ഈ ആപ്പ് വഴി ലഭ്യമാകും. എല്ലാ വീട്ടുസേവനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നതാണ് ഈ ആപ്ലിക്കേഷന്റെ പ്രധാന ലക്ഷ്യം. ഇത് ഉപഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ എളുപ്പത്തിൽ കണ്ടെത്താനും, സേവനദാതാക്കൾക്ക് കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്താനും സഹായിക്കും. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ സേവന മേഖലയിൽ വലിയമാറ്റങ്ങൾ കൊണ്ടുവരാനും,

ഉപഭോക്താക്കൾക്ക് വേഗത്തിലും, കാര്യക്ഷമമായും സേവനങ്ങൾ ലഭ്യമാക്കുവാനും ഈ ആപ്പ് സഹായിക്കുന്നു.

**4. ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്**

കേരളത്തിലെ സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ എകീകൃത ബ്രാൻഡിംഗിനു കീഴിൽ കൊണ്ടുവന്നു വിപണിയിൽ സജീവമാക്കുന്നതിനായി "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഒരൊറ്റ ബ്രാൻഡിനു കീഴിലാക്കി ഒരു പൊതു ട്രേഡ് മാർക്കോടെ വിപണിയിലെത്തിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് coopkerela സർട്ടിഫിക്കേഷൻ മാർക് നൽകിവരുന്നു.

ഇതിലൂടെ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് സ്വീകാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ കഴിയും. കൂടാതെ ഈ പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ മിതമായ നിരക്കിൽ ലഭിക്കുന്നതിന് കഴിയും. ഈ പദ്ധതിയിലൂടെ സഹകരണ മേഖലയെ ജനകീയമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

**5. കോപ് കേരള സർട്ടിഫിക്കേഷൻ: ഗുണ നിലവാരത്തിന്റെ മുദ്ര**

കേരളത്തിലെ സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഏകീകൃത ബ്രാൻഡിന് കീഴിൽ കൊണ്ടുവന്നു വിപണി ഇടപെടൽ സജീവമാക്കുന്നതിനായി സഹകരണ വകുപ്പ് ആവഷ്കരിച്ചിട്ടുള്ള ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോഓപ്പറേറ്റീവ് പ്രോഡക്ട്സ് പദ്ധതിയുടെ ഭാഗമായി സഹകരണ ഉല്പന്നങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ Co-op kerala സർട്ടിഫിക്കേഷൻ നല്കിവരുന്നു. 2022 മുതൽ 2025 വരെ 33 സംഘങ്ങളുടെ 151 ഉൽപ്പന്നങ്ങൾക്ക് Co-op kerala സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

**6. അക്ഷരം മ്യൂസിയം - 'ഭാഷയ്ക്കായുള്ള സഹകരണ സ്മാരകം'**

ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി കേരളത്തിലെ സഹകരണ മേഖല സമർപ്പിച്ചിരിക്കുന്ന ഒരു അതുല്യ സാംസ്കാരിക സംരംഭമാണ്

കോട്ടയത്തെ അക്ഷരം മ്യൂസിയം (Museum of Letters, Literature and Culture). ഏഷ്യയിലെ തന്നെ എഴുത്തുകാരുടെ ആദ്യത്തെ സഹകരണ സംഘമായ SPCS ന്റെ കോട്ടയത്തെ ഇന്ത്യ പ്രസ്സ് പുരയിടത്തിൽ സർക്കാരിന്റെ സഹകരണത്തോടെയാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. അത്യാധുനിക രീതിയിൽ സജ്ജീകരിച്ചിരിക്കുന്ന തിയേറ്റർ, ഹോളോഗ്രാം സംവിധാനവും മ്യൂസിയത്തിലുണ്ട്.

**7.ഉത്സവകാല വിപണി: വിലക്കയറ്റത്തിനെതിരെ സഹകരണം**

എല്ലാ ഉത്സവവകാലങ്ങളിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനു വേണ്ടി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡ് മുഖേന താൽക്കാലിക വിപണികളിലൂടെ 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയോടെ പൊതുജനങ്ങൾക്കു നൽകിവരുന്നു. എല്ലാ വർഷങ്ങളിലും വിഷു റംസാൻ, ഓണം, ക്രിസ്തുമസ്, പുതുവത്സരം എന്നീ സവിശേഷ ഉത്സവ കാലങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ആവശ്യമായ ഉത്സവകാല വിപണികൾ സജ്ജമാകുന്നു.

**8. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS): കടബാധ്യതയിൽ നിന്ന് മോചനം**

കേരളത്തിലെ സഹകരണ വകുപ്പ്, വായ്പ കുടിശ്ശികയുള്ളവർക്ക് ആശ്വാസം നൽകാനും സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ആരോഗ്യം മെച്ചപ്പെടുത്താനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതി. സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് പല കാരണങ്ങളാൽ വായ്പ തിരിച്ചടവ് മുടങ്ങി പ്രതിസന്ധിയിലായ ലക്ഷക്കണക്കിന് വായ്പക്കാർക്ക് ആശ്വാസം നൽകാനും സഹകരണ സ്ഥാപനങ്ങൾക്ക് കിട്ടാക്കടം തിരികെ ഈടാക്കാനും സഹായിക്കുന്ന ഒരു സുപ്രധാന മാർഗ്ഗമാണ് ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി. എല്ലാവർഷവും ഇതിനായി ഒരു പാക്കേജ് പ്രഖ്യാപിച്ചു നടപ്പിലാക്കുന്നു.

**9.സഹകാരി സാന്ത്വനം (അശരണരായ സഹകാരികൾക്കുള്ള ആശ്വാസ നിധി)**

സഹകരണ മേഖലയുടെ പുരോഗതിക്കുവേണ്ടി താലൂക്ക് ജില്ലാ സംസ്ഥാന തലങ്ങളിൽ പ്രവർത്തിച്ചവരോ പ്രവർത്തിക്കുന്നവരോ, സഹകരണസംഘം

രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണ സംഘങ്ങളിലെ ഭരണ സമിതിയിൽ രണ്ടു തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്ന സഹകാരികൾക്കു ധനസഹായം നൽകുന്നതിനായി 2009 ൽ ആവിഷ്കരിച്ച പദ്ധതിയാണ് ഇത്. ആയതു 2022 ൽ പരിഷ്കരിച്ചു.

വാർഷിക വരുമാനം മൂന്നു ലക്ഷം രൂപയിൽ കുറവുള്ളവർക്കാണ് ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുക. ഈ പദ്ധതി പ്രകാരം സഹകാരികൾക്ക് രോഗശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി പരമാവധി 50,000 രൂപയും സഹകാരികൾ മരണപ്പെട്ടു പോയിട്ടുണ്ടെങ്കിൽ കുടുംബത്തിന്/ആശ്രിതർക്ക് പരമാവധി 25,000 രൂപയും ധനസഹായം ലഭിക്കുന്നതാണ്.

**10. മെമ്പർ റിലീഫ് ഫണ്ട്**

സഹകരണവകുപ്പിന്റെ നിയന്ത്രണത്തിൽ സഹകാരികൾക്കുള്ള ഒരു ക്ഷേമപദ്ധതിയാണ് മെമ്പർ റിലീഫ് ഫണ്ട്. അർബുദം, വൃക്കരോഗം ബാധിച്ച് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഗുരുതര കരൾ രോഗം, ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ ഗുരുതര ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ഓപ്പൺ ഹാർട്ട് ബൈപാസ് സർജറി), എച്ച്.ഐ.വി., അപകടത്തിൽപെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചു പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തി ആകാത്ത കുട്ടികൾ എന്നിവർക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത.

**11. പ്രവാസികൾക്കായി പ്ലാന്റ് ഓപ്പറേറ്റ് & ട്രാൻസ്ഫർ (POT) പദ്ധതി**

കേരളത്തിലെ പ്രവാസികളുടെ ഭൂമി കൃഷിയോഗ്യമാക്കി സംരംഭകത്വത്തിന്റെ പുതിയ മാതൃക സൃഷ്ടിച്ച് സഹകരണസംഘങ്ങളും പ്രവാസികളും തമ്മിലുള്ള സഹകരണബന്ധം പുതുക്കുന്ന സംരംഭം. കേരളത്തിലെ പ്രവാസികളുടെ കൈവശമുള്ള കൃഷിയോഗ്യമായ ഭൂമികണ്ടെത്തി അത് താത്കാലികമായി ഏറ്റെടുത്തു കേരളത്തിലെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലൂടെ (PACS) ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചറൽ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്ത് അവയിൽ നിന്നുള്ള വിളവെടുപ്പ് നടത്തി, വിപണനം നടത്തുക,

| | | | |
|---|---|---|---|
| | | | ഒരു നിശ്ചിത കാലയളവ് കഴിഞ്ഞു ഭൂമിയോടൊപ്പം ആദായമുള്ള തോട്ടം പ്രവാസിക്ക് തിരികെ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.<br><br>**<u>12. സ്ത്രീശക്തി മുന്നേറ്റത്തിന് സഖി പദ്ധതി</u>**<br><br>വനിതാ ഫെഡറേഷൻ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതി സ്ത്രീകളെ സാമൂഹ്യ വികസനത്തിന്റെ മുൻനിരയിലാക്കുന്നു. പരിശീലനം, തൊഴിൽ, ആത്മവിശ്വാസം എന്നീ മൂന്ന് ഘടകങ്ങളിലൂടെയും സ്ത്രീ ശാക്തീകരണം സാക്ഷാത്കരിക്കുന്നു. പ്രമുഖ സഹകരണ സ്ഥാപനമായ വനിതാ ഫെഡറേഷൻ വഴി കേരളത്തിലെ വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനു കൂടുതൽ ദിശാബോധം നല്കുന്നതിനും വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലക്ഷ്യമിട്ട് പരിശീലനത്തിലൂടെയും ശേഷി വികസനത്തിലൂടെയും വനിതാ അംഗങ്ങളുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ കാർഷിക, ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിലടക്കം സഹകരണമേഖലയ്ക്ക് ശക്തമായ ഇടപെടൽ നടത്താനായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ കാർഷിക, ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിലടക്കം സഹകരണമേഖല ശക്തമായ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>**<u>1. സ്ത്രീശക്തി മുന്നേറ്റത്തിന് സഖി പദ്ധതി</u>**<br><br>വനിതാ ഫെഡറേഷൻ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതി സ്ത്രീകളെ സാമൂഹ്യ വികസനത്തിന്റെ മുൻനിരയിലാക്കുന്നു. പരിശീലനം, തൊഴിൽ, ആത്മവിശ്വാസം എന്നീ മൂന്ന് ഘടകങ്ങളിലൂടെയും സ്ത്രീ ശാക്തീകരണം സാക്ഷാത്കരിക്കുന്നു. പ്രമുഖ സഹകരണ സ്ഥാപനമായ വനിതാ ഫെഡറേഷൻ വഴി കേരളത്തിലെ വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനു കൂടുതൽ ദിശാബോധം നല്കുന്നതിനും വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലക്ഷ്യമിട്ട് പരിശീലനത്തിലൂടെയും ശേഷി വികസനത്തിലൂടെയും വനിതാ അംഗങ്ങളുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.<br><br>**<u>2. മെമ്പർ റിലീഫ് ഫണ്ട്</u>**<br><br>സഹകരണവകുപ്പിന്റെ നിയന്ത്രണത്തിൽ സഹകാരികൾക്കുള്ള ഒരു ക്ഷേമപദ്ധതിയാണ് മെമ്പർ റിലീഫ് ഫണ്ട്. അർബുദം, വൃക്കരോഗം ബാധിച്ച് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഗുരുതര കരൾ രോഗം, ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് |

ബാധിച്ച് ശയ്യാവലംബരായവർ, ഗുരുതര ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ഓപ്പൺ ഹാർട്ട് ബൈപാസ് സർജറി), എച്ച്.ഐ.വി., അപകടത്തിൽപെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ച് പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തി ആകാത്ത കുട്ടികൾ എന്നിവർക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത.

**3. സ്നേഹതീരം വായ്പാ പദ്ധതി**

കേരളത്തിലെ തീരദേശ ജില്ലകളിലേയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലേയും മത്സ്യതൊളിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ തീരദേശത്തെ മത്സ്യതൊഴിലാളികൾക്ക് വായ്പ നൽകുന്ന പദ്ധതിയാണ് "സ്നേഹതീരം വായ്പാ പദ്ധതി". ടി പദ്ധതി പൈലറ്റ് പ്രോജക്ടായി കോട്ടയം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതും ആയത് പ്രകാരം കോട്ടയം ജില്ലയിലെ അയ്മനം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.കെ 750-ൽ നിന്നും ആദ്യഘട്ട വായ്പയായി 5 പേരുൾപ്പെടുന്ന ദീപം ആക്ടിവിറ്റി ഗ്രൂപ്പിന് 50,000/- രൂപ വിതരണം ചെയ്തിട്ടുള്ളതുമാണ്.

**4. പാലിയേറ്റീവ് കെയർ പദ്ധതി**

കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ആലപ്പുഴ, വയനാട് ജില്ലകൾ പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുവാൻ ഉതകുന്ന സഹകരണ ആശുപത്രികൾ ഇല്ലാത്തതിനാൽ ടി ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിലെ ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി ഈ പദ്ധതി ആരംഭിക്കുകയുണ്ടായി. ടി പദ്ധതി ആരംഭിച്ച വേളയിൽ 9 ജില്ലകളിലെ 18 ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി ആരംഭിച്ച പെയ്ഡ് പാലിയേറ്റീവ് കെയർ പദ്ധതി നിലവിൽ 23 ആശുപത്രി സഹകരണ സംഘങ്ങളിൽ നടപ്പിലാക്കി വരുന്നു.

## 5. സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണസംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിതോട്ടങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്നത്. പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഗ്രാമീണ ചന്ത മുഖേനയോ, കാർഷിക വിപണന കേന്ദ്രം മുഖേനയോ, കോപ് മാർട്ടിന്റെ സ്റ്റാൾ മുഖേനയോ വിതരണം ചെയ്യുന്നു. ഈ പദ്ധതി പ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5554 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജില്ലകളിലും പച്ചക്കറി കൃഷിയാണ് കൂടുതലായും ചെയ്തു വരുന്നത്. ഇതു കൂടാതെ തെങ്ങ്, മരച്ചീനി, വാഴ, നെല്ല് എന്നിവയും ഇതിന്റെ ഭാഗമായി കൃഷി ചെയ്തു വരുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പ്രധാനമായും ബാങ്കുകളുടെ ജൈവ കാർഷിക ചന്തകൾ വഴിയും ഓപ്പൺ മാർക്കറ്റ് വഴിയും കുടുംബശ്രീ വഴിയും വിറ്റഴിക്കുന്നു.

ഇതിന്റെ തുടർച്ചയായി രണ്ടാം ഘട്ടത്തിൽ ഒരു ജില്ലക്ക് ഒരു വിള എന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതുവരെ 14 ജില്ലകളിലുമായി കൃഷി ആരംഭിച്ചിട്ടുണ്ട്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് പലവക സംഘങ്ങൾ വഴിയും കൃഷി നടത്തി വരുന്നു.

## 6. PAPCOS

പാലക്കാട് ജില്ലയിലെ നെൽകർഷകരെ സംരക്ഷിക്കുവാൻ, ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപറേഷൻ വഴി സർക്കാർ നിയന്ത്രണത്തിൽ പൊതു മാർക്കറ്റിൽ എത്തിക്കുക, കൂടാതെ സ്വന്തം ബ്രാൻഡിൽ ജില്ലയിലെ സഹകരണ സംഘങ്ങളുടെ വിപണന സ്റ്റാളുകൾ വഴി വിപണനം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ പാലക്കാട്

| | | | |
|---|---|---|---|
| | | | ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസ്സസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നം.പി. 1449 (PAPCOS) നിലവിൽ വന്നിട്ടുണ്ട്.<br><br>**<u>7. KAPCOS</u>**<br><br>പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പിരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) എന്ന സഹകരണ സംഘവും രൂപീകരിച്ചിട്ടുള്ളതാണ്. കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അരിമില്ല്, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിയ്ക്കുകയും ആയതിന് ആവശ്യമായ സംഭരണ ശാലകൾ സ്ഥാപിക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തനത്തിലൂടെ നെൽ കർഷകരെ സഹായിക്കുകയും നെൽകൃഷി വ്യാപിപ്പിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുക എന്നതുമാണ് ടി സംഘത്തിന്റെ പ്രധാന ഉദ്ദേശം. കാപ്കോസ്-ന് കീഴിൽ കോട്ടയം ഏറ്റുമാനൂരിൽ റൈസ് മിൽ പദ്ധതിയുടെ നിർമ്മാണം നടത്തുന്നതിനായി ടി പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷം 6.68 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ കാലയളവിൽ 2021-22 മുതൽ നാളിതുവരെ വിദ്യാഭ്യാസ മേഖലയിൽ 26.80 കോടി രൂപയും ആരോഗ്യ മേഖലയുടെ നവീകരണത്തിനായി 52.81 കോടി രൂപയും കാർഷിക മേഖലയുടെ വികസനത്തിനായി 18.55 കോടി രൂപയും സഹകരണ വകുപ്പിന്റെ പദ്ധതി ധനസഹായമായി സഹകരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | സഹകരണ സംഘങ്ങളുടെയും സഹകാരികളുടെയും സാധാരണക്കാരുടെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹകരണ രംഗത്ത് അടിസ്ഥാന വികസന പദ്ധതികൾക്ക് രൂപം നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | സ്വീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെയും സഹകാരികളുടെയും സാധാരണക്കാരുടെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹകരണ രംഗത്ത് നടപ്പിലാക്കിയിട്ടുള്ള അടിസ്ഥാന വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**<u>1. സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി</u>** |

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണസംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിതോട്ടങ്ങൾ നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഗ്രാമീണ ചന്ത മുഖേനയോ, കാർഷിക വിപണന കേന്ദ്രം മുഖേനയോ, കോപ് മാർട്ടിന്റെ സ്റ്റാൾ മുഖേനയോ വിതരണം ചെയ്യുന്നു. ഈ പദ്ധതി പ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5554 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജില്ലകളിലും പച്ചക്കറി കൃഷിയാണ് കൂടുതലായും ചെയ്തു വരുന്നത്. ഇതു കൂടാതെ തെങ്ങ്, മരച്ചീനി, വാഴ, നെല്ല് എന്നിവയും ഇതിന്റെ ഭാഗമായി കൃഷി ചെയ്തു വരുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പ്രധാനമായും ബാങ്കുകളുടെ ജൈവ കാർഷിക ചന്തകൾ വഴിയും, ഓപ്പൺ മാർക്കറ്റ് വഴിയും, കുടുംബശ്രീ വഴിയും വിറ്റഴിക്കുന്നു.

ഇതിന്റെ തുടർച്ചയായി രണ്ടാം ഘട്ടത്തിൽ ഒരു ജില്ലക്ക് ഒരു വിള എന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതു വരെ 14 ജില്ലകളിലുമായി കൃഷി ആരംഭിച്ചിട്ടുണ്ട്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് പലവക സംഘങ്ങൾ വഴിയും കൃഷി നടത്തി വരുന്നു.

## 2. PAPCOS

പാലക്കാട് ജില്ലയിലെ നെൽകർഷകരെ സംരക്ഷിക്കുവാൻ ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപറേഷൻ വഴി സർക്കാർ നിയന്ത്രണത്തിൽ പൊതു മാർക്കറ്റിൽ എത്തിക്കുക, കൂടാതെ സ്വന്തം ബ്രാൻഡിൽ ജില്ലയിലെ സഹകരണ സംഘങ്ങളുടെ വിപണന സ്റ്റാളുകൾ വഴി വിപണനം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസ്സസിംഗ് & മാർക്കറ്റിംഗ്

| | | | |
|---|---|---|---|
| | | | സഹകരണ സംഘം ക്ലിപ്തം നം.പി. 1449 (PAPCOS) നിലവിൽ വന്നിട്ടുണ്ട്.<br><br>**<u>3. KAPCOS</u>**<br><br>പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പിരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) എന്ന സഹകരണ സംഘവും രൂപീകരിച്ചിട്ടുള്ളതാണ്. കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അരിമില്ല്, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിയ്ക്കുകയും ആയതിന് ആവശ്യമായ സംഭരണ ശാലകൾ സ്ഥാപിക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തനത്തിലൂടെ നെൽ കർഷകരെ സഹായിക്കുകയും നെൽകൃഷി വ്യാപിപ്പിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുക എന്നതുമാണ് ടി സംഘത്തിന്റെ പ്രധാന ഉദ്ദേശം. കേരള നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണ സംഘത്തിന് (കാപ്കോസ്) കീഴിൽ കോട്ടയം ഏറ്റുമാനൂരിൽ റൈസ് മിൽ പദ്ധതിയുടെ നിർമ്മാണം നടത്തുന്നതിനായി ടി പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷം 6.68 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | സഹകരണ മേഖലയിലെ എൻ.പി.എ. (നോൺ പെർഫോമിംഗ് അസ്സെറ്റ്സ്) കുറച്ചുകൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>സഹകരണ മേഖലയിലെ എൻ. പി. എ. (നോൺ പെർഫോർമിംഗ് അസെറ്റ്) കുറച്ചു കൊണ്ട് വരുന്നതുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പിലെ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സെയിൽ ഓഫീസർമാരുടെ ട്രെയിനിങ് 3 സോണുകളായി തിരിച്ച് തിരുവനന്തപുരം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിൽ വെച്ച് നടത്തുകയുണ്ടായി. ഒരു ഉദ്യോഗസ്ഥന് കുറഞ്ഞത് 2 ദിവസത്തെ ട്രെയിനിംഗ് ലഭിക്കുന്ന തരത്തിലാണ് പ്രോഗ്രാം ക്രമീകരിച്ചത്. എല്ലാ ജില്ലയിലെയും 500-ൽ അധികം ജീവനക്കാർക്ക് ടി ട്രെയിനിങ്ങിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി. ഇതിനു പുറമേ, ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനായി ഓരോ ഉദ്യോഗസ്ഥർക്കും പ്രത്യേകം ടാർഗറ്റ് നിശ്ചയിച്ചു നൽകുകയും ഏറ്റവും മികച്ച രീതിയിൽ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ പൂർത്തിയാക്കിയ ഉദ്യോഗസ്ഥർക്ക് തിരുവനന്തപുരത്ത് വെച്ച് നടന്ന സഹകരണ എക്സ്പൊ 2025 ൽ |

| | | | |
|---|---|---|---|
| | | | അവാർഡ് വിതരണം ചെയ്യുകയുണ്ടായി. പ്രസ്തുത നടപടികളുടെ ഭാഗമായി 2025 ഡിസംബർ മാസം വരെ 3,31,100 കേസുകളിലായി 12,507 കോടി രൂപ തീർപ്പാക്കാനും 1,18,540 കേസുകളിലായി 4,751 കോടി രൂപ സംഘങ്ങൾക്ക് പിരിച്ചെടുക്കാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ